നമ്പർ ഉത്തരവ് പ്രകാരം 5,00,00,000 (അഞ്ചുകോടിരൂപ) യുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാർക്കിലെ 40 ഏക്കർ ഭൂമിയിൽ 107.92 കോടി രൂപ ചെലവിൽ ഒരു പരിസ്ഥിതി സൗഹൃദ പ്ലാസ്റ്റിക് പാർക്ക് തുടങ്ങുന്നതി നായി കേന്ദ്ര സർക്കാരിലെ കെമിക്കൽസ് & ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിന്റെ അനുമതിക്കായി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതിക്കുള്ള കേന്ദ്രവിഹിതം 40 കോടിരൂപ, സംസ്ഥാന വിഹിതം 38.81 കോടിരൂപ കൂടാതെ ബാങ്ക് ലോൺ 29.11 കോടിരൂപ എന്നിങ്ങനെയാണ്.

(ഡി) പ്രസ്തുത പദ്ധതിക്ക് 5 കോടിരൂപയ്ക്കാണ് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ വിഹിതം പദ്ധതി പുരോഗമിക്കുന്ന മുറയ്ക്ക് അതാത് സാമ്പത്തിക വർഷങ്ങളിൽ ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(ഇ) പ്രസ്തുത പാർക്കിലെ 40 ഏക്കർ ഭൂമിയിൽ പരിസ്ഥിതി സൗഹൃദ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്കായുള്ള ഒരു പദ്ധതി സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. തുക ലഭിച്ചിട്ടില്ല.

(എഫ്)പ്രസ്തുത വ്യവസായ പാർക്കിന്റെ നിർമ്മാണത്തിനായി മുൻവശത്തെ മതിലും ഗേറ്റും സെക്യൂരിറ്റിക്കുള്ള സൗകര്യവുമുൾപ്പെടെയുള്ള ജോലിക്കായി 90.34 ലക്ഷം രൂപയുടെ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ചുറ്റും കമ്പിവേലി ചെയ്യുന്നതിനായി
60 ലക്ഷം രൂപയുടെ ടെണ്ടർ നടപടി പൂർത്തിയായി. മൊത്തം മാസ്റ്റർ പ്ലാനിന്റെ കരട് പൂർത്തിയായിട്ടുണ്ട്.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

244 (589) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിലെ വ്യവസായ വകുപ്പിന്റെ കണക്ക് പ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ ആകെ നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരം വ്യവസായ വകുപ്പിന്റെ അധീനതയിൽ നഷ്ടത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2014-15 സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ നഷ്ടം 23216.24 ലക്ഷം രൂപയാണ്.

പൊതുമേഖലയിലെ പുതിയ വ്യവസായങ്ങൾ

245 (590) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിൽ പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിനു കീഴിൽ പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല.

കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീം പ്രകാരം അനുവദിച്ച ഫണ്ട്

246 (591) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലയളവിൽ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീമിൽ വിവിധ നിയോജക മണ്ഡലങ്ങളിൽ അനുവദിച്ച ഫണ്ട് എത്ര ; നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം ; വിശദമാക്കുമോ ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ?

ഉത്തരം

വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീമിൽ അനുവദിച്ച തുകയെ സംബന്ധിച്ചും നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ചുമുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

അങ്കമാലിയിലെ കിൻഫ്ര വ്യവസായ പാർക്കിനുള്ള ഭൂമി

247 (592) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly